15 -ാം കേരള നിയമസഭ

7 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1035 | 07-12-2022 - ൽ മറുപടിയ്ക്ക്

മുല്ലപ്പെരിയാറിലെ ബേബി ഡാം പരിസരത്തു നിന്നും മരങ്ങൾ മുറിക്കുന്നതിന് അനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മുല്ലപ്പെരിയാറിൽ ബേബി ഡാമിന്റെ പരിസരത്തു നിന്നും മരം മുറിക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് തമിഴ്നാട് വീണ്ടും സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. ഡോ. ജോ ജോസഫും മറ്റുള്ളവരും ചേർന്ന് ബഹു.സുപ്രീം കോടതിയിൽ സമർപ്പിച്ചിരുന്ന റിട്ട് ഹർജി 880/ 2020 ന്റെ ഭാഗമായി 14 /11/ 2022 തീയതിയിൽ തമിഴ്നാട് സർക്കാർ പ്രസ്തുത ആവശ്യമുൾപ്പെടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഒരു ഇടക്കാല ഹർജ്ജി ( IA No.174262/2022) ബഹു സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട് |
| (ബി) | ബേബി ഡാമിൽ നിന്നും 15 മരങ്ങൾ മുറിക്കുന്നതിന് കഴിഞ്ഞ വർഷം കേരളം നൽകിയ അനുമതി പുന: സ്ഥാപിക്കണം എന്ന ആവശ്യമാണോ തമിഴ്നാട് സുപ്രീംകോടതിയിൽ ഉന്നയിച്ചിട്ടുള്ളത്; ഏത് സാഹചര്യത്തിലാണ് കഴിഞ്ഞ വർഷം കേരളം അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ ; | (ബി) | അതെ . പരിവേഷ് പോർട്ടലിൽ FP/KL/IRRIG/12012/2015 എന്ന നമ്പറിൽ മുല്ലപെരിയാർ ബേബി ഡാമിന്റെ സമീപത്തുള്ള 23 മരങ്ങൾ മുറിച്ചു മാറ്റുന്നതിന് തമിഴ്നാട് ഇറിഗേഷൻ ഡിപ്പാർട്മെന്റ് അപേക്ഷ നൽകിയിരുന്നു. ബേബി ഡാം ബലപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള പ്രവൃത്തികൾ ചെയ്യുന്നതിലേക്കായി 05/11/2021തീയതിയിലെ KFDHQ/3859/2021/CWW-WL4 നമ്പർ ഉത്തരവ് പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡൻ 15 മരങ്ങൾ മുറിച്ചു മാറ്റുന്നതിന് അനുമതി നൽകി. തുടർന്ന് 11/11/2021 തീയ്യതിയിലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Ms) No 23/2021/F&WLD പ്രകാരം വൈൽഡ് ലൈഫ് വാർഡന്റെ ഉത്തരവ് റദ്ദാക്കുകയും ചെയ്തു. |
| (സി) | ഈ കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണ്; ആയത് സുപ്രീംകോടതിയെയും അറിയിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | മുല്ലപെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട WP(C) 880/2020 ൽ ബഹു സുപ്രീം കോടതി 08/04/2022 തീയ്യതിയിൽ പ്രസ്താവിച്ച വിധി പ്രകാരം മുല്ലപ്പെരിയാർ മേൽനോട്ട സമിതിയ്ക്ക് ദേശീയ ഡാം സുരക്ഷാ അതോറിറ്റിയുടെ അധികാരങ്ങൾ നൽകിയിട്ടുണ്ട്. മുല്ലപ്പെരിയാർ മേൽനോട്ട സമിതിയുടെ 06/06/2022, 18/08/2022 തീയ്യതികളിലെ യോഗങ്ങളിൽ ബേബി ഡാമിനെ ബലപ്പെടുത്തുന്നതിന്റെ ഭാഗമായി 15 മരങ്ങൾ മുറിച്ചു |

| | | | | |
|---|---|---|---|---|
| | | | | നീക്കുന്നതിനുള്ള അനുമതി കേരളം നൽകണമെന്ന് നിർദേശിച്ചിട്ടുണ്ട്.<br><br>പ്രസ്തുത വിഷയം 12/12/2022 ൽ നടക്കാൻ നിശ്ചയിച്ചിട്ടുള്ള കേരള - തമിഴ്നാട് ചീഫ് സെക്രട്ടറിമാരുടെ യോഗത്തിൽ ചർച്ച ചെയ്യുന്നതാണ്. കൂടാതെ WP(C) 880/2020 ൽ 14/11/2022 തീയ്യതിയിൽ തമിഴ്നാട് സർക്കാർ ഇടക്കാല ഹർജി (IA No.174262/2022) ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത ഹർജിയിലും ഇതേ ആവശ്യം ഒരിനമായി ഉന്നയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ ഈ വിഷയം ബഹു സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ബഹു സുപ്രീം കോടതിയുടെ വിധിയുടെ കൂടി അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ |

സെക്ഷൻ ഓഫീസർ